ഉത്തരം

(എ) കേരളത്തിൽ വനംവകുപ്പിന്റെ കീഴിൽ കാലടിയിൽ ഒരു കേന്ദ്രവും കണ്ണൂരിൽ പൊയിലൂരിൽ മറ്റൊരു പ്രകൃതിപഠനകേന്ദ്രവുമാണുള്ളത്. ഇതു കൂടാതെ തൃശ്ശൂരിൽ ഒരു വനവിജ്ഞാന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ 14 വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളോടനുബന്ധിച്ച് ഓരോ പ്രകൃതി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) വനംവകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ മുൻ വനം വകുപ്പുമന്ത്രി പി. ആർ. കുറുപ്പിന്റെ സ്മാരകമായി ഒരു പ്രകൃതിപഠനകേന്ദ്രം പൊയിലൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു.

(സി) കണ്ണൂർ ജില്ലയിലെ പൊയിലൂരിലുള്ള പി. ആർ. കുറുപ്പ് സ്മാരക പ്രകൃതിപഠനകേന്ദ്രത്തിന് അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ഇതിനോടകം തന്നെ നടത്തിയിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തിൽ വിദ്യാർത്ഥികൾക്കും മറ്റു പൊതുജനങ്ങൾക്കും വേണ്ടിയുള്ള പ്രകൃതിപഠനക്യാമ്പ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിലേക്കായി ഈ വർഷം 50,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

വൈക്കത്തോടിന്റെ വരമ്പ് വീതികൂട്ടി നടപ്പാതയാക്കുന്നതിന് നടപടി

69 [3323] *ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ വൈക്കത്തോടിന്റെ 300 മീറ്റർ ഭാഗത്തെ വരമ്പ് സൈഡ്വാൾ കെട്ടി വീതികൂട്ടി സ്ലാബിട്ടുമൂടി കാൽനടക്കാർക്ക് യാത്രാസൗകര്യം ചെയ്തുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തി ജലസേചനവകുപ്പുവഴി നടത്താൻ സാധിക്കുന്നതാണെങ്കിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly